**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **119** **06.02.2020** - ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം**

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.എം.സി.കമറുദ്ദീൻ
ശ്രീ.എൻ.ഷംസുദ്ദീൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2019 ജനുവരി 30 ന് സെക്രട്ടേറിയറ്റ് പടിക്കൽ എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകളനുസരിച്ചുള്ള തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) യും (ബി) യും | 2019 ജനുവരി 30 ന് സെക്രട്ടേറിയറ്റ് പടിക്കൽ എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെയും ബഹു.റവന്യൂ, സാമൂഹ്യനീതി വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം വാഗ്ദാനങ്ങളാണ് ഇനിയും നടപ്പാക്കാനുള്ളത്; | | |
| (സി) | ദുരിതബാധിതരായവർക്കെല്ലാം ചികിത്സാ സഹായം ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും കേരളത്തിലും കർണ്ണാടകത്തിലുമായി സ്പെഷ്യലൈസ് ചെയ്ത 17 ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|
| 1. | നേരത്തെ മെഡിക്കൽ സംഘം ശിപാർശ ചെയ്യവരുടെ കാര്യത്തിൽ വീണ്ടും പരിശോധന നിർബന്ധമാക്കേണ്ടതില്ല. 2017 ലെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 1905 പേരിൽ 18 വയസ്സിൽ താഴെയുണ്ടായിരുന്ന കുട്ടികളെ മെഡിക്കൽ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യ-ങ്ങൾക്കായി ഉൾപ്പെടുത്തേ-ണ്ടതാണ്. കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതാണ്. | 2017 ഏപ്രിൽ മാസത്തിൽ നടന്ന മെഡിക്കൽ ക്യാമ്പിൽ 1905 പേരിൽ നിന്നും എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയ 511 കുട്ടികളെയും മറ്റ് 6 പേരെയും കൂടി 15/06/2019 ൽ നടന്ന എൻഡോസൾഫാൻ സെൽ യോഗത്തിൽ അംഗീകാരം നൽകി തുടർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | ക്യാമ്പ് നടന്ന ദിവസം ഹർത്താലായതുകാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരും പങ്കെടുക്കാൻ സ്ലിപ്പ് ലഭിച്ചവരുമായിട്ടുള്ള എല്ലാപേരെയും ഉൾപ്പെടുത്തി ക്യാമ്പ് ജില്ലാ കളക്ടർ നടത്തേണ്ടതാണ്. | 2017-ൽ നടന്ന സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ ഹർത്താൽ കാരണം പങ്കെടുക്കുവാൻ സാധിക്കാത്ത-വർക്കായി 2019 ജൂലൈ 10 ന് BARHSS ബോവിക്കാനത്ത് വച്ച് പ്രത്യേകമായി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. |
| 3 | പഞ്ചായത്തുകളുടെ അതിർത്തി കണക്കാക്കാതെ എൻഡോ-സൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്തുപോയി താമസിക്കുന്നവരെ കൂടി പരിഗണിച്ച് മാനദണ്ഡ-മനുസരിച്ച് പരിശോധിച്ച് അർഹരായവരെയും എൻഡോ-സൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ | എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്ത് പോയി താമസിച്ചവരേയും കൂടി സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിച്ച്, വിദഗ്ദ്ധ ഡോക്ടർമാരുടെ പരിശോധനയിലൂടെ രോഗം എൻഡോ-സൾഫാൻ മൂലമാണെന്ന് കണ്ടെത്തിയ-വരെയും ഉൾപ്പെടുത്തിയാണ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. |

| | | |
|---|---|---|
| | ജില്ലാ കളക്ടർ സ്വീകരിക്കേണ്ട-താണ്. | |
| 4 | ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ രണ്ടു കുട്ടികളെയും എൻഡോസൾഫാൻ ദുരിത-ബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | സമാനസ്വഭാവമുള്ള രോഗാവസ്ഥ-യിൽപ്പെട്ട ആളുകളിൽ ഒരാൾ എൻഡോസൾഫാൻ പട്ടികയിൽ ഉൾപ്പെടുകയും മറ്റേയാൾ ഉൾപ്പെടാതിരിക്കുകയും ചെയ്ത കേസുകൾ കണ്ടെത്തുന്നതിനായി ICDS സൂപ്പർവൈസർമാരെ നിയോഗിച്ചിട്ടുണ്ട്. |
| 5. | എൻഡോസൾഫാൻ ദുരിത-ബാധിതരുടെ 50,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിതള്ളുന്ന-തിനുള്ള നടപടികൾ അടിയന്തിര-മായി ജില്ലാ കളക്ടർ പൂർത്തീകരിക്കേണ്ടതാണ്. | 50,000/- രൂപ മുതൽ 3,00,000/- രൂപ വരെയുള്ള കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനായി 6,82,70,833/- (ആറ് കോടി എൺപത്തിരണ്ടു ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി മുപ്പത്തി മൂന്നു രൂപ) വിവിധ ബാങ്കുകളിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 6 | ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുനർ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | ജില്ലയിൽ ആകെയുള്ള 10 ബഡ്സ് സ്കൂളുകളിൽ പുല്ലൂർ പെരിയ, നീലേശ്വരം, കാറഡുക്ക എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പഡാജെ, കയ്യൂർ, ചീമേനി, മുളിയാർ, എൻമകജെ എന്നീ ബഡ്സ് സ്കൂളുകളുടെ ഉദ്ഘാടനം 2020 ഫെബ്രുവരിയിൽ നടത്തുന്നതു-മാണ്. |
| 7 | എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം നിർമ്മാണ-പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | എൻഡോസൾഫാൻ ദുരിതബാധി-തരുടെ ശാരീരികവും, മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മുളിയാറിൽ എൻഡോസൾഫാൻ ദുരിതബാധി-തർക്കും, മറ്റ് ശാരീരിക, മാനസിക വൈകല്യമുള്ള എല്ലാ ഭിന്നശേഷി-ക്കാർക്കും വേണ്ടിയായി രൂപീകരിക്കുന്ന എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ പ്രവർത്തനത്തിന് |

| | | |
|---|---|---|
| | | കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ നിന്നും ലഭ്യമായ അഞ്ച് കോടി രൂപ പുനരധിവാസ ഗ്രാമത്തിന്റെ ഒന്നാംഘട്ടം പ്രാവർത്തികമാക്കുന്നതിന് വിനിയോഗിക്കുന്നതിനായി കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCC) ഏൽപ്പിച്ചിട്ടുണ്ട്. പുനരധിവാസ ഗ്രാമത്തിന്റെ തറക്കല്ലിടൽ കർമ്മം 2020 ഫെബ്രുവരിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| 8 | എല്ലാ എൻഡോസൾഫാൻ ദുരിതബാധിതരേയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. | എൻഡോസൾഫാൻ ദുരിതബാധി-തരുടെ പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ ആളുകളുടെയും കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിവരുന്നു. |
| 9 | മെ.പെസ്റ്റിസൈഡ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ സ്റ്റോക്ക് ഇരിക്കുന്നത് നിർവീര്യമാക്കു-ന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ ത്വരിതപ്പെടുത്തേണ്ടതാണ്. | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ കീടനാശിനി പടന്നക്കാട് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ, എവിടെയാണോ സൂക്ഷിച്ചിട്ടുള്ളത് അവിടെത്തന്നെ സുതാര്യവും ശാസ്ത്രീയവുമായ രീതിയിൽ നിർവ്വീര്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**